**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2640** **04-03-2025 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ പോൾ മൗണ്ടഡ് ഇ.വി. ചാർജിംഗ് സ്റ്റേഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ ഡി കെ മുരളി** | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** |

(എ) വാമനപുരം മണ്ഡലത്തിൽ നിലവിലുള്ള കെ.എസ്.ഇ.ബി. യുടെ ഇ.വി. ചാർജിംഗ് സ്റ്റേഷനുകൾ (പോൾ മൗണ്ടഡ്) ഇതേവരെ എത്ര പേർ ഉപയോഗിച്ചിട്ടുണ്ടെന്നും ഓരോ ചാർജിംഗ് സ്റ്റേഷനിൽ നിന്നും ലഭിച്ച വരുമാനം എത്രയാണെന്നും വ്യക്തമാക്കാമോ;

(എ) വാമനപുരം മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ-ന്റെ പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളിൽ ഇതുവരെ 2710 ചാർജിംഗുകൾ നടന്നിട്ടുണ്ട്. ഈ ചാർജിങ് സ്റ്റേഷനുകളിൽ നിന്ന് ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു:

| ക്രമ. നം. | ചാർജിങ് സ്റ്റേഷൻ | ലഭിച്ച വരുമാനം |
|---|---|---|
| 1 | ചുള്ളിമാനൂർ പെട്രോൾ പമ്പിനു സമീപം | 1028.43 രൂപ |
| 2 | പനവൂർ സബ് സെന്ററിന് സമീപം | 392.85 രൂപ |
| 3 | നന്ദിയോട് മാർക്കറ്റിന് സമീപം | 7023.69 രൂപ |
| 4 | പാലോട് പഴയ ബസ് സ്റ്റാന്റിന് സമീപം | 4092.93 രൂപ |
| 5 | ജവഹർ കോളനി | 41.85 രൂപ |
| 6 | മാനിക്കോട് ശിവ ക്ഷേത്രത്തിന് സമീപം | 7304.58 രൂപ |
| 7 | ശാസ്താം കോവിലിന് സമീപം | 7510.68 രൂപ |
| 8 | കല്ലറ ബസ് സ്റ്റാന്റിന് സമീപം | 2203.38 രൂപ |
| 9 | നാഗച്ചേരി | 1386.27 രൂപ |

(ബി) മണ്ഡലത്തിൽ പുതിയതായി പോൾ മൗണ്ടഡ് ഇ.വി. ചാർജിംഗ് സ്റ്റേഷൻ അനുവദിക്കുമോ; വിശദമാക്കാമോ?

(ബി) കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നത് ലൈസൻസ് ആവശ്യമില്ലാത്ത പ്രവൃത്തിയാണ്. കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിക്കുന്ന സാങ്കേതിക സുരക്ഷ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് ചാർജിംഗ്

| | | | |
|---|---|---|---|
| | | | സ്റ്റേഷനുകൾ ആർക്കും സ്ഥാപിക്കാവുന്നതാണ്. നിലവിൽ പുതിയതായി പോൾ മൗണ്ടഡ് ഇ.വി. ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ.-ന് പദ്ധതികളൊന്നുമില്ല. |

സെക്ഷൻ ഓഫീസർ